# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

പരാമർശം : - 1. ഈ ആഫീസിലെ 17/01/2023 ലെ E3-1034/2023/PrHQ നമ്പർ ഉത്തരവ്.
2. ഈ ആഫീസിലെ 17/03/2023 ലെ E3-8478/2023/PrHQ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E6-2279/2023/PrHQ; തീയതി : 29-03-2023</u>**

തിരുവനന്തപുരം ജില്ലാ ജയിലിലെ അസി.സൂപ്രണ്ട് ഗ്രേഡ് I, ശ്രീ. ബാബു. എസ്, 30/04/2023 ന് സർവീസിൽ നിന്നും വിരമിക്കലിന് മുന്നോടിയായി 13/03/2023 മുതൽ 29/04/2023 വരെ 48 ദിവസത്തേക്ക്, (മുൻ ചേർപ്പ് - 11/03/2023 & 12/03/2023 പിൻ ചേർപ്പ് -30/04/2023) തിരുവനന്തപുരം സെൻട്രൽ ജയിലിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ. അശോകൻ. ടി 13/03/2023 മുതൽ 31/05/2023 വരെ 80 ദിവസത്തേക്കും (മുൻ ചേർപ്പ് - 11/03/2023 & 12/03/2023) LPR എടുത്തതിനാൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ പ്രൊമോഷൻ ക്വാട്ടയിൽ രണ്ടു ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

01.01.2022 ലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I ലേക്ക് സ്ഥാനക്കയറ്റം നേടേണ്ടത് കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ. അജിത്ത് കോയിലേറിയൻ, ചീമേനി ഓപ്പൺ പ്രിസൺ ആൻറ് കറക്ഷണൽ ഹോമിലെ ശ്രീ. രാജീവൻ. കെ. എന്നിവരാണ്. ടിയാൻമാർക്കെതിരെ അച്ചടക്ക നടപടികൾ നിലവിലില്ല.

മേൽ സാഹചര്യത്തിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ. അജിത്ത് കോയിലേറിയന് തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആൻറ് കറക്ഷണൽ ഹോമിലേക്കും, ചീമേനി ഓപ്പൺ പ്രിസൺ ആൻറ് കറക്ഷണൽ ഹോമിലെ ശ്രീ. രാജീവൻ കെക്ക് തിരുവനന്തപുരം ജില്ലാ ജയിലിലേക്കും നിലവിലുള്ള അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികകളിലേക്ക് 43400 – 91200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിച്ച് ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

Rupadhyay

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1) സൂപ്രണ്ട്, സെൻട്രൽ പ്രിസൺ ആൻറ് കറക്ഷണൽ ഹോം,

തിരുവനന്തപുരം/കണ്ണൂർ
2) സൂപ്രണ്ട്, ഓപ്പൺ പ്രിസൺ ആൻറ് കറക്ഷണൽ ഹോം, ചീമേനി
3) സൂപ്രണ്ട്, ജില്ലാ ജയിൽ, തിരുവനന്തപുരം
4) ബന്ധപ്പെട്ട ജീവനക്കാർക്ക് (സൂപ്രണ്ട് മുഖാന്തിരം )

പകർപ്പ് : ജയിൽ ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ ഒ, പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റാ ) പ്രിസൺസ് വെബ് സൈറ്റ്,TC 3, E 5 സീറ്റ്,ഫയൽ, കരുതൽ ഫയൽ

E6-2279/2023/PrHQ

7b4697